LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം എസ്. എ. ടി. ആശുപത്രിയിൽ എച്ച്.ഇ.എസ് ന്റെ പ്രവർത്തനം

19 (2351) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം എസ്.എ.ടി ആശുപത്രിയിൽ ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റി സ്ഥാപിച്ചത് ഏത് ഗവൺമെന്റുത്തരവിന്റെ അടിസ്ഥാനത്തിലാണ് ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) എച്ച്.ഇ.എസ്.-ന്റെ പ്രവർത്തന രീതിയും, ഭരണ സംവിധാനവും ഏത് വിധമാണെന്ന് വിശദമാക്കുമോ ;

(സി) എക്സിക്യൂട്ടീവ് അംഗങ്ങൾ എത്രയാണെന്നും ആരൊക്കെയാണെന്നും ഇവരെ തെരെഞ്ഞെടുക്കുന്ന രീതിയും വിശദമാക്കുമോ ;

(ഡി) എസ്.എ.ടി. എച്ച്.ഇ.എസ്.-ന്റെ കീഴിൽ ഇവിടെ ഏതെല്ലാം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും ഈ സ്ഥാപനങ്ങളിലെല്ലാമായി ആകെ എത്ര ജീവനക്കാരുണ്ടെന്നും പേരും, തസ്തികയും തിരിച്ച് വ്യക്തമാക്കുമോ ;

(ഇ) എസ്.എ.ടി. എച്ച്.ഇ.എസ്-ന്റെ കീഴിൽ ജീവനക്കാരെ തെരഞ്ഞെടുക്കുന്ന രീതി വ്യക്തമാക്കുമോ ;

(എഫ്) സർക്കാർ ആശുപത്രികളിൽ ചാരിറ്റബിൾ സൊസൈറ്റികൾ പ്രവർത്തിക്കാൻ അനുമതി നൽകാറുണ്ടോ ;

(ജി) എസ്.എ.ടി. എച്ച്.ഇ.എസ്-ലെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റ് ചെയ്യുന്ന ഏജൻസി ഏതാണ് ?

ഉത്തരം

(എ) 18-3-1994-ലെ ജി.ഒ. (എംഎസ്.) 58/1994/H&FWD ഉത്തരവ് പ്രകാരമാണ് തിരുവനന്തപുരം എസ്.എ.ടി ആശുപത്രിയിൽ ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റി സ്ഥാപിക്കുന്നതിന് അംഗീകാരം നൽകിയിട്ടുള്ളത് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).*

(ബി) സൊസൈറ്റി നടത്തുന്ന IHDB മെഡിക്കൽ സ്റ്റോർ മുഖേന ഏറ്റവും വിലക്കുറവിൽ മരുന്നുകൾ ജീവൻ രക്ഷാ ഉപകരണങ്ങൾ എന്നിവ രോഗികൾക്കു നല്കിവരുന്നു. സൊസൈറ്റി നടത്തുന്ന CR [Clinical Research] ലാബിലെ ടെസ്റ്റുകൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഏതു ക്ലിനിക്കൽ ലാബിനെക്കാളും ചാർജ്ജ് കുറച്ചാണ് ചെയ്തുകൊടുക്കുന്നത് എന്നതിനുപുറമേ പാവപ്പെട്ട രോഗികൾക്ക് സൗജന്യമായി ടെസ്റ്റുകൾ ചെയ്തു കൊടുക്കുന്നു. കൂടാതെ സൊസൈറ്റി നടത്തി വരുന്ന sales outlet മുഖേന ലേബർ റൂമിലെ രോഗികൾക്ക് ആവശ്യമായ സാധനങ്ങൾ, ബക്കറ്റ്, പാത്രങ്ങൾ, ലഘുപാനീയങ്ങൾ മുതലായവ വിൽക്കുന്നു. കാന്റീൻ പ്രവർത്തിച്ചിരുന്ന സമയത്ത് പ്രതിദിനം 50 പാവപ്പെട്ട രോഗികൾക്ക് സൗജന്യമായി ഉച്ചഭക്ഷണം നല്കി വന്നിരുന്നു. ലേബർ റൂമിലേക്ക് ആവശ്യമായ കാപ്പി, പാനീയങ്ങൾ എന്നിവ സൗജന്യമായും നൽകുന്നുണ്ട്. എസ്.എ.ടി. ആശുപത്രിയിലെ Immunisation Clinic-ൽ Indian Academy of Paediatrics നിഷ്കർഷിച്ചിട്ടുള്ള സ്പെഷ്യൽ വാക്സിനുകൾ മിതമായ ചാർജ്ജിൽ നല്കുന്നു. EEG Machine, USS Machine എന്നീ ഉപകരണങ്ങൾ മുഖേന ടെസ്റ്റുകൾ നടത്തിവരുന്നു. ഒ.പി. വിഭാഗത്തിൽ വരുന്ന രോഗികൾക്കായി ഒരു Blood Collection Centre-ഉം പ്രവർത്തിക്കുന്നു. എസ്.എ.ടി. ആശുപത്രിയിൽ പുതുതായി നിർമ്മിച്ച ഗോൾഡൻ ജൂബിലി ബ്ലോക്കിന്റെ നിർമ്മാണത്തിനായി 3,18,36,917 രൂപ സൊസൈറ്റി ചെലവഴിക്കുകയുണ്ടായി. ആശുപത്രിക്കായി എയർകണ്ടീഷണറുകൾ, അനസ്തേഷ്യ മെഷീൻ, പൾസ് ഓക്സീമീറ്റർ, Infusion pump, Infant Warmer, Halogen operation theatre light, ECG Monitor cum defibrillator,PA system, Nebuliser തുടങ്ങിയവ സൊസൈറ്റി വാങ്ങി നല്കിയിട്ടുണ്ട്. കൂടാതെ വാഹനാപകടം മുതലായ അത്യാഹിതങ്ങൾ വരുമ്പോൾ അതിലുൾപ്പെട്ടവർക്കായി ആശുപത്രിയിൽ ലഭ്യമല്ലാത്ത അത്യാവശ്യ മരുന്നുകൾ, ലഘുപാനീയങ്ങൾ, വെള്ളം, ബിസ്കറ്റ് എന്നിവയും സൊസൈറ്റി സൗജന്യമായി നൽകിവരുന്നു. എസ്.എ.ടി ആശുപത്രിയിൽ CCTV സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. എസ്.എ.ടി. ആശുപത്രിയിലെ Fertility Centre-ൽ (IVF) ചികിത്സയുടെ ദൈനംദിന നടത്തിപ്പു ചുമതല സൊസൈറ്റിക്കാണ് നല്കിയിട്ടുള്ളത്. ഈ സെന്ററിലെ സ്റ്റാഫ്, ക്ലീനിംഗ്, consumables എന്നിവയുടെ ചുമതലയും ഈ സൊസൈറ്റിക്കാണ്. സർക്കാർ പ്രതിനിധിയായ അഡീഷണൽ സെക്രട്ടറി, (ആരോഗ്യ കുടുംബക്ഷേമ വകുപ്പ്) ഉൾപ്പെട്ട എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് സൊസൈറ്റിയുടെ നടത്തിപ്പിന്റെ ചുമതല വഹിക്കുന്നത്.

(സി) ചെയർമാൻ-പ്രിൻസിപ്പാൾ, ഗവ. മെഡിക്കൽ കോളേജ്

സെക്രട്ടറി കം ട്രഷറർ-സൂപ്രണ്ട്, എസ്.എ.റ്റി. ആശുപത്രി

അംഗങ്ങൾ- 1. അഡീഷണൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്.

2. വൈസ് പ്രിൻസിപ്പാൾ, ഗവ. മെഡിക്കൽ കോളേജ്

3. HoD പീഡീയാട്രിക് വകുപ്പ്, SAT ആശുപത്രി
4. HoD പീഡീയാട്രിക് സർജറി ഡിപ്പാർട്ട്മെന്റ്, SAT ആശുപത്രി
5. HoD സ്ത്രീരോഗ വിഭാഗം (O&G), SAT ആശുപത്രി
6. HoD പീഡീയാട്രിക് കാർഡിയോളജി വകുപ്പ്, SAT ആശുപത്രി
7. HoD പീഡീയാട്രിക് ന്യൂറോളജി വകുപ്പ്, SAT ആശുപത്രി

കൂടാതെ പൊതുയോഗം തെരഞ്ഞെടുക്കുന്ന നാല് അംഗങ്ങളും മെമ്പർമാരാണ്.

(ഡി) 1. IHDB മെഡിക്കൽ സ്റ്റോർ
2. SATHHES CR ലാബ്
3. വിശ്രമകേന്ദ്രം
4. Sales Outlets - 3

സൊസൈറ്റിയിൽ ഓഫീസ് സ്റ്റാഫ് ഉൾപ്പെടെ 130 ജീവനക്കാർ ജോലി ചെയ്യുവരുന്നു. അവരുടെ തസ്തികയും ജോലി ചെയ്യുന്ന സ്ഥലവും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പത്രപരസ്യം, Walk in interview മുഖേനയുമാണ് ജീവനക്കാരെ തെരഞ്ഞെടുക്കുന്നത്.

(എഫ്) എസ്.എ.ടി. ആശുപത്രിയിൽ ശ്രീ അവിട്ടം തിരുനാൾ ഹോസ്പിറ്റൽ ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റി എന്ന പേരിലുള്ള ചാരിറ്റബിൾ സൊസൈറ്റി സ്ഥാപിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്.

(ജി) എസ്. റാം മോഹൻ Bsc, FCA, മോചനം ഈശ്വര വിലാസം ജംഗ്ഷൻ, തിരുവനന്തപുരം - 695014 എന്ന് ചാർട്ടേഡ് അക്കൗണ്ടന്റ് ആണ് കണക്കുകൾ ഓഡിറ്റു ചെയ്യുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly